പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 368 — 02.12.2014-ൽ മറുപടിയ്ക്ക്

# കൂടംകുളം ആണവ നിലയത്തിൽ നിന്ന് ലഭിക്കേണ്ട വൈദ്യുതി

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ് ; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച കരാർ ഒപ്പ് വച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(എ) & (ബി) കൂടംകുളം ആണവനിലയത്തിന്റെ യൂണിറ്റ് 1 & 2 -ൽ (2x1000 MW) നിന്നും 266 MW വൈദ്യുതിയാണ് ലഭിക്കേണ്ടത്. ഇത് ലഭ്യമാക്കുന്നതിന് 15.11.2013 -ന് ന്യൂക്ലിയർ പവർ കോർപ്പറേഷനുമായി (NPCIL) കരാർ ഒപ്പ് വച്ചിട്ടുണ്ട്. എന്നാൽ, ഇപ്പോൾ കൂടംകുളം ആണവനിലയത്തിന്റെ ഒന്നാം യൂണിറ്റിൽ നിന്നും പരീക്ഷണാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 15.65 ശതമാനം അഥവാ 156.47 മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിനു ലഭിക്കുന്നത്.

(സി) കൂടംകുളം ആണവ വൈദ്യുത നിലയത്തിൽ നിന്ന് സംസ്ഥാനത്തിൻെറ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

(സി) കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനു വേണ്ടി തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽ നിന്നും മാടക്കത്തറ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽ ഒരു 400 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇടമൺ മുതൽ കൊച്ചി വരെയുള്ള ലൈൻ നിർമ്മാണം പ്രസ്തുത ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പ് മൂലം തടസ്സപ്പെട്ടിരിക്കുകയാണ്.

ഇടമൺ - കൊച്ചി 400 കെ.വി റൂട്ടിലേക്കായി മാത്രം 19-08-2014-ലെ (എം. എസ്) 27/14/ഊ. വ നമ്പർ ഉത്തരവു പ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിൻെറ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരികയാണ്. ബന്ധപ്പെട്ട ജന പ്രതിനിധികളെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും കൂടുതൽ ചർച്ചകൾക്കായി 04-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.